# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 09/23 (213th) Meeting of the Syndicate held on 19.12.2023 at 11.00 a.m at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ. കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഓൺലൈൻ
3. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റംഗം - ഒപ്പ്
7. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഒപ്പ്
8. പ്രൊഫ. മോഹൻദാസ് എസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. അനിൽ കെ.എം, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
11. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
12. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
13. ശ്രീ. എൻ. ആദിൽ ,സിൻഡിക്കേറ്റംഗം, വിദ്യാർത്ഥി പ്രതിനിധി - ഒപ്പ്
14. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം - ഓൺലൈൻ
15. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഓൺലൈൻ
16. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
17. ശ്രീ. എൽ.ആർ. സജീവ് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - ഓൺലൈൻ

കൂടാതെ ഡോ. ഉണ്ണികൃഷ്ണൻ പി. (രജിസ്ട്രാർ ഇൻ ചാർജ്ജ്) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും ദളിത് ചിന്തകനുമായിരുന്ന ഡോ. എം. കുഞ്ഞാമൻ, നിയമസഭാ സാമാജികനായിരുന്ന ശ്രീ. കാനം രാജേന്ദ്രൻ എന്നിവരുടെ നിര്യാണത്തിലും കൊച്ചിൻ സർവകലാശാലയിലുണ്ടായ ദാരുണ അപകടത്തിൽ പെട്ടവരുടെ നിര്യാണത്തിലും, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

17.11.2023 തീയതിയിലെ 212-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. 27.11.2023 ന് സർവകലാശാലയിൽ ഭരണഘടന ദിനാചരണം നടത്തി.
2. സർവകലാശാലാ സാമൂഹ്യ സേവന വിഭാഗത്തിലെ 56 വിദ്യാർത്ഥികളും 6 അധ്യാപകരും അടങ്ങുന്ന പഠന യാത്രാ സംഘം, ബംഗാൾ ഉൾക്കടലിലെ ചുഴലിക്കാറ്റ് കാരണം ഹൗറ എക്സ്പ്രസ് ട്രെയിൻ റദ്ദാക്കപ്പെട്ടതിനാൽ കൊൽക്കത്തയിൽ പെട്ടുപോവുകയും ബംഗാളിലേയും കേരളത്തിലേയും ഗവർണ്ണർമാരുടേയും ലോകസഭാ മെമ്പർമാരായ ശ്രീ. ബെന്നി ബഹനാൻ, ശ്രീ. ടി. എൻ. പ്രതാപൻ, ശാന്തിനികേതനത്തിലെ കഥകളി വിഭാഗം അധ്യാപകനായ ശ്രീ. ശുചീന്ദ്രനാഥ് കർത്ത എന്നിവരുടേയും അടിയന്തിര ഇടപെടലുകൾ കാരണം അനുവദിച്ച കൊൽക്കത്ത മുംബൈ സ്പെഷ്യൽ ട്രെയിനിൽ കേരളത്തിൽ സുരക്ഷിതമായി തിരിച്ചെത്തുകയും ചെയ്തു. ഇതിന് സഹായിച്ച എല്ലാവർക്കും വൈസ് ചാൻസലർ നന്ദി അറിയിച്ചുകൊണ്ട് കത്തുകൾ അയച്ച എന്ന കാര്യം റിപ്പോർട്ട് ചെയ്യുന്നു.

3. 29.11.2023 ൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന, സാമൂഹിക സംരംഭം ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന 'കാന്താരി' എന്ന എൻ.ജി.ഒ സ്ഥാപനത്തിന്റെ സ്ഥാപകരായ Sabriyete Tenberken, Paul Kronenberg എന്നിവരും അധ്യാപകനായ ശ്രീ. ചാക്കോ ജേക്കബും സർവകലാശാല സന്ദർശിക്കുകയും സർവകലാശാലയും പ്രസ്തുത സ്ഥാപനവുമായി ഒരു എം.ഒ.യു വിൽ ഏർപ്പെടാനുള്ള സാധ്യതയെപ്പറ്റി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്യുന്നു.
4. സർവകലാശാലയിൽ മനുഷ്യാവകാശ പ്രതിജ്ഞ ഡിസംബർ 11 ന് എടുത്തു.
5. സർവകലാശാലയിൽ രണ്ടാംഘട്ട ശങ്കര ജയന്തി ആഘോഷങ്ങളുടെ ഭാഗമായി ഡിസംബർ 13, 14 തീയതികളിലായി International Dialogues in Sanskrit Tradition എന്ന വിഷയത്തിൽ ദ്വിദിന സെമിനാർ നടത്തി. മുംബൈ, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ സീനിയർ പ്രൊഫസറായ പ്രൊഫ. ലീന എബ്രഹാം പ്രസ്തുത ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി. പ്രസ്തുത ചടങ്ങിൽ വിവിധ മേഖലകളിൽ പുരസ്കാര ജേതാക്കളായ അധ്യാപകരേയും വിദ്യാർത്ഥികളേയും ആദരിച്ചു. കൂടാതെ വിദ്യാർത്ഥികൾക്കായുള്ള എൻഡോവ്മെന്റ് വിതരണവും സംഘടിപ്പിച്ചു.
6. വിദ്യാർത്ഥി സേവന വിഭാഗം ഡയറക്ടറിന്റെ താൽക്കാലിക ചുമതല ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. ലൂക്കോസ് ജോർജ്ജിന് നൽകി എന്ന് റിപ്പോർട്ട് ചെയ്യുന്നു.
7. 15.12.2023 ന് സംസ്കൃത സർവകലാശാലയും കോട്ടയ്ക്കൽ ആര്യവൈദ്യ ശാലയുടെ Centre for Textual Studies and Publications (CTSP) വിഭാഗവും സംയുക്തമായി അക്കാദമിക, പ്രസിദ്ധീകരണ, ഗവേഷണ പ്രവർത്തന ങ്ങളിൽ ഏർപ്പെടുവാൻ ഒരു ധാരണാപത്രം ഒപ്പിട്ടു. പ്രസ്തുത ചടങ്ങിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാല മാനേജിംഗ് ട്രസ്റ്റി ശ്രീ. മാധവ വാര്യർ പങ്കെടുത്തു.

8. സയൻസ്, എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി ഫാക്കൽറ്റിയുടെ ഡീനായി കോഴിക്കോട് സർവകലാശാലാ മന:ശാസ്ത്ര വിഭാഗം പ്രൊഫസർ ഡോ. ബേബി ശാരി പി.എ യെ 07.12.2023 മുതൽ രണ്ട് വർഷക്കാലയളവിലേക്ക് ബഹു. ചാൻസലർ നോമിനേറ്റ് ചെയ്തിട്ടുണ്ട്.
9. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

യു.ജി.സി യുടെ വിദ്യാർത്ഥി പരാതി പരിഹാര റെഗുലേഷൻ 2023- സർവകലാശാലയുടെ തനത് റെഗുലേഷൻ ആക്കി സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്. [No. SSC/4803/SSUS/2019(1)]

13.11.2023 ലെ സ്റ്റുഡന്റ്സ് വെൽഫയർ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് University Grants Commission (Redressal of Grievances of Students) Regulations 2023 ന് അനുസൃതമായി ഐക്യുഎസി തയ്യാറാക്കിയ SSUS (Redressal of Grievances of Students) Regulations 2023 ന്റെ കരട് അംഗീകരിക്കാനും സർവകലാശാലയിൽ നടപ്പിലാക്കുന്നതിനും അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനും ശിപാർശ ചെയ്തു.

## Item No. 3

01.01.2010 നു ശേഷം രജിസ്റ്റർ ചെയ്ത ഗവേഷകരുടെയും 2009 റെഗുലേഷൻ ബാധകമായ ഗവേഷകരുടെയും പ്രബന്ധം സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. Acd.A1/5081/SSUS/16)

14.11.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 14.07.2023 ലെ 209-ാമത് സിൻഡിക്കേറ്റ് യോഗ നടപടി ചുരുക്കം അധീഷണൽ അജണ്ട ഐറ്റം നമ്പർ 16 ലെ തീരുമാനം 01.01.2010 ന ശേഷം രജിസ്റ്റർ ചെയ്ത ഗവേഷകർക്കും 2009 റെഗുലേഷൻ ബാധകമായ ഗവേഷകർക്കും കൂടി ബാധകമാക്കാൻ തീരുമാനിച്ചു. അപ്രകാരം 01.12.2010 രജിസ്ട്രേഷൻ സാഹിത്യ വിഭാഗം ഗവേഷക ജിംനിഷ വി.കെ യുടെ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാനും തീരുമാനിച്ചു.

## Item No. 4

ക്രെഡിറ്റ് ബാങ്ക്, വിദ്യാർത്ഥികളുടെ അന്തർ സർവകലാശാല മാറ്റങ്ങൾ എന്നിവ സംബന്ധിച്ചുള്ള ഉന്നത വിദ്യാഭ്യാസപരിഷ്കരണനിർവഹണസെൽ 20.07.2023 ൽ കൂടിയ യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്. (No. 03011/ ACDB1/SSUS/2023(1)

14.11.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ക്രെഡിറ്റ് ബാങ്ക്, വിദ്യാർത്ഥികളുടെ അന്തർ സർവകലാശാല മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ നിർവഹണ സെൽ 20.07.2023 ൽ വിളിച്ചു ചേർത്ത യോഗത്തിലെ നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിക്കാൻ തീരുമാനിച്ചു. തൽസംബന്ധിയായി സ്റ്റാറ്റ്യൂട്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും അതനുസരിച്ച് തുടർനടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും തീരുമാനിച്ചു.

## Item No. 5

തൃശ്ശൂരിലെ കേരള സാഹിത്യ അക്കാദമിയുമായി കരാർ ഒപ്പിടുന്നത് - സംബന്ധിച്ച്. [No. 00578/ ACDA2/SSUS/2022(1)]

14.11.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാലയുടെയും യുജിസിയുടെയും നിയമങ്ങൾക്ക് അനുസൃതമായി ധാരണാപത്രം അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 6

2020, 2021 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് 2022 അഡ്മിഷൻ വിദ്യാർത്ഥികൾ ക്കൊപ്പം റീ-അഡ്മിഷൻ നൽകുന്നത് സംബന്ധിച്ച്.[No.01499/ACDB2/SSUS/ 2023(1)]

14.11.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം തീരുമാനിച്ചു.

03.10.2023 ന് ചേർന്ന 211-ാമത് സിൻഡിക്കേറ്റ് നടപടിക്രമത്തിലെ മെയിൻ അജൻഡ ഇനം നമ്പർ 7 പ്രകാരം വേദാന്ത വിഭാഗത്തിലെ വിദ്യാർത്ഥി കൾക്ക് ലഭിച്ച അതേ പരിഗണന ടി വിദ്യാർത്ഥികൾക്കും ലഭിക്കേണ്ടതാണ്. പുന:പ്രവേശനം നൽകുന്നെങ്കിൽ 2020 റെഗുലേഷനിൽ ഇന്റേണൽ - എൻഡ് സെമസ്റ്റർ മൂല്യ നിർണ്ണയത്തിന് ബാധകമായ 20:80 അനുപാതം മാർക്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ പുതിയ റെഗുലേഷൻ (2022) അനുസരിച്ചുള്ള 50:50 ആയി പുന:ക്രമീകരിക്കേണ്ടതുണ്ട്. അതുപ്രകാരം താഴെ പറയുന്നവയിൽ ഏതെങ്കിലും ഒന്ന് മാനദണ്ഡമാക്കാവുന്നതാണ്.

1. ഒന്നും രണ്ടും സെമസ്റ്ററുകൾ പൂർണ്ണമായും വിജയിച്ച 2021 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ക്രെഡിറ്റ് തുല്യതയ്ക്ക് 1, 2 സെമസ്റ്ററുകളിലെ 4 സംസ്കൃതം കോഴ്സുകളും (ഓരോ സെമസ്റ്ററിലും 2020 സിലബസിൽ പഠിച്ചിട്ടില്ലാത്ത രണ്ടു വീതം കോഴ്സുകൾ) രണ്ട് സെമസ്റ്ററുകളിലെയും ബ്രിഡ്ജ് കോഴ്സുകളും സ്വന്തം നിലയ്ക്ക് പൂർത്തീകരിക്കണം. ഇങ്ങനെ ചെയ്യുമ്പോൾ 2021 അഡ്മിഷൻ

വിദ്യാർത്ഥികൾക്ക് രണ്ട് ക്രെഡിറ്റ് അധികമായി വരും. പ്രത്യേക വിഷയമായി പരിഗണിച്ച് അധിക ക്രെഡിറ്റുകൾ ക്രമീകരിക്കാവുന്നതാണ്.

2. 1,2 സെമസ്റ്ററുകളിലെ ഇംഗ്ലീഷും അഡീഷനൽ ലാംഗ്വേജും ഒഴികെയുള്ള എല്ലാ കോഴ്സുകളും ബ്രിഡ്ജ് കോഴ്സും പുന:പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ സ്വന്തം നിലയ്ക്ക് പഠിച്ച് പൂർത്തിയാക്കണം. (റീ അപ്പിയറൻസായി ഒന്നും രണ്ടും സെമസ്റ്ററുകളിലെ പരീക്ഷ എഴുതാൻ അനുവദിക്കാവുന്നതാണ്.) പുതിയ റഗുലേഷൻ അനുസരിച്ച് ബ്രിഡ്ജ് കോഴ്സ് പ്രത്യേകം പാസാവേണ്ടതുണ്ട്.
3. പ്രായപരിധി അവഗണിച്ച് പുതിയ ബാച്ചിനൊപ്പം ഒന്നാം സെമസ്റ്ററിൽ പ്രവേശനം നേടാൻ ഈ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതും പരിഗണിക്കാവുന്നതാണ്.

മേൽ മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് നിശ്ചയിച്ച് വിദ്യാർത്ഥികളുടെ തുടർ പഠനം സാധ്യമാകുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കുവാനും വിദ്യാർത്ഥികളുടെ പ്രോഗ്രാം യഥാവിധി പൂർത്തീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുവാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

## Item No. 7

2021 പ്രവേശനം ബി.എ. വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച്. [No. 03223/ACDB2/SSUS/2023(1)]

14.11.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, അതാത് വകുപ്പുകൾ പ്രസ്തുത വിഷയം അനുഭാവപൂർവ്വം പരിഗണിച്ച് വിദ്യാർത്ഥികളുടെ പ്രോഗ്രാം യഥാവിധി പൂർത്തീകരിക്കുവാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

## Item No. 8

ഗവേഷക വിദ്യാർത്ഥികളുടെ വർഗ്ഗീകരണം സംബന്ധിച്ച അവ്യക്തത പരിശോധിക്കുന്നത് സംബന്ധിച്ച്. (No. Acd.A2/15089/SSUS/2022)

14.11.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, ഗവേഷക വിദ്യാർത്ഥികളുടെ വർഗ്ഗീകരണം സംബന്ധിച്ച അവ്യക്തത പരിശോധിക്കുന്നതിന് ഗവേഷക സംഘടന പ്രതിനിധികളെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതി മുൻപാകെ വിളിച്ചുവരുത്തി ചർച്ച നടത്താൻ തീരുമാനിച്ചു. പ്രസ്തുത വിഷയം അടുത്ത സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകാനും തീരുമാനിച്ചു.

## Item No. 9

2023 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2020/2021 അഡ്മിഷൻ വിദ്യാർത്ഥികളുടെയും 2023 വർഷത്തിൽ ഫലം പ്രസിദ്ധീകരിച്ച 2021 അഡ്മിഷൻ റെഗുലർ/റീ അഡ്മിഷൻ എം.എസ്.ഡബ്ല്യൂ. വിദ്യാർത്ഥികളുടെയും, 2021 അഡ്മിഷൻ റെഗുലർ/റീ അപ്പിയറൻസ് എം.എഫ്.എ. വിദ്യാർത്ഥികളുടെയും 2022 അഡ്മിഷൻ പി.ജി. ഡിപ്ലോമ റെഗുലർ വിദ്യാർത്ഥികളുടെയും, ഡിപ്ലോമ റെഗുലർ/റീ അപ്പിയറൻസ് വിദ്യാർത്ഥികളുടെയും പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും സംബന്ധിച്ച്. (No. E.D./11607/SSUS/2018)

14.11.2023 ലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 2023 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2020/2021 അഡ്മിഷൻ വിദ്യാർത്ഥികളുടെയും 2023 വർഷത്തിൽ ഫലം പ്രസിദ്ധീകരിച്ച 2021 അഡ്മിഷൻ റെഗുലർ/റീ അഡ്മിഷൻ എം.എസ്.ഡബ്ല്യൂ. വിദ്യാർത്ഥികളുടെയും, 2021 അഡ്മിഷൻ റെഗുലർ/റീ അപ്പിയറൻസ് എം.എഫ്.എ. വിദ്യാർത്ഥികളുടെയും 2022 അഡ്മിഷൻ പി.ജി. ഡിപ്ലോമ റെഗുലർ വിദ്യാർത്ഥികളുടെയും, ഡിപ്ലോമ റെഗുലർ/റീ അപ്പിയറൻസ് വിദ്യാർത്ഥികളുടെയും പരീക്ഷാഫലം അംഗീകരിക്കാനും എം.ഫിൽ 2020/21 അഡ്മിഷൻ - പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവരുടെ കണക്കു കൂടി ചേർത്ത് ഡിഗ്രി

അവാർഡ് ചെയ്യുന്നതിന് അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് വിടാനും തീരുമാനിച്ചു.

## Item No. 10

2023 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2021 അഡ്മിഷൻ വിദ്യാർത്ഥി വിദ്യ പി.ബി. യുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും സംബന്ധിച്ച്. (No.E.D/11607/SSUS/2018)

14.11.2023 ലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 2023 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2021 അഡ്മിഷൻ വിദ്യാർത്ഥി വിദ്യ പി.ബി. യുടെ പരീക്ഷാഫലം അംഗീകരിക്കാനും ഡിഗ്രി അവാർഡ് ചെയ്യുന്നതിന് അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് വിടാനും തീരുമാനിച്ചു.

## Item No. 11

Gender Evaluation & Monitoring Committee സമർപ്പിച്ചിട്ടുള്ള, ‘SSUS Gender inclusion and Diversity Policy 2023’ – കരട് സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 00815/IQAC1/SSUS/ 2023(1)]

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, Gender Evaluation & Monitoring Committee യുടെ കരട് പോളിസി ലീഗൽ വിഭാഗം പരിശോധിച്ച് സമർപ്പിച്ച താഴെ പറയുന്ന നിർദ്ദേശങ്ങളോടെ അംഗീകരിക്കാൻ തീരുമാനിച്ചു.

1. ഈ പോളിസിയുടെ ഭാഗമായി Reservation/Union Representation/cut off in entrance/fee waiving/changes in applications/ scholarships/upper age limit/ Syndicate-Academic Council membership- തുടങ്ങിയ കാര്യങ്ങൾക്ക ബന്ധപ്പെട്ട റഗുലേഷൻസ്/ laws നിയമങ്ങൾ/ഭേദഗതികൾ അതാത് സമിതികൾ ചർച്ച ചെയ്ത് തീരുമാനിച്ച് പ്രാബല്യത്തിൽ വരുത്തുക.

2. പോളിസി നിർദ്ദേശങ്ങളിൽ അക്കാദമിക്, എൻജിനീയറിംഗ്, എക്സാം, ഫിനാൻസ് തുടങ്ങിയ വിഭാഗങ്ങൾ കൈക്കൊള്ളേണ്ട നടപടികൾ ഉള്ളതിനാൽ ഓരോ വിഭാഗവും ചെയ്യേണ്ട കാര്യങ്ങൾ വേർതിരിച്ച് രേഖപ്പെടുത്തി തുടർനടപടികൾ കൈക്കൊള്ളാൻ നിർദ്ദേശം നൽകുക.
3. ആദ്യ ഘട്ടം എന്ന നിലയിൽ, പോളിസി പ്രകാരം GID Cell രൂപീകരിക്കുവാനും മേൽവിവരിച്ച 1, 2 നടപടികൾ നിർവ്വഹിക്കുന്ന മുറയ്ക്ക് ഓരോ തീരുമാനങ്ങളും പ്രാവർത്തികമാക്കുന്നത് ഉറപ്പാക്കുവാൻ GID Cell നെ ചുമതലപ്പെടുത്തുക.

## Item No. 12

തുറവൂർ പ്രാദേശിക കേന്ദ്രം - ഡോ. പ്രമീള എ.കെ. സമർപ്പിച്ച പരാതി - ഡീൻ മാരുടെ സമിതി സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് തുടർനടപടി തീരുമാനിക്കുന്ന തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്.(No.Ad.A1/9736/ SSUS/2022)

അന്വേഷണ കമ്മറ്റിയുടെ റിപ്പോർട്ട് അംഗീകരിക്കാൻ തീരുമാനിച്ചു. ഡോ. കിരൺ എ.യു - വിനോട് 15 ദിവസത്തിനകം വിശദീകരണം നൽകാൻ ആവശ്യപ്പെടാനും, വിശദീകരണം അടുത്ത സിൻഡിക്കേറ്റ് യോഗത്തിന്റെ പരിഗണനയ്ക്ക് സമർ പ്പിക്കാനും തീരുമാനിച്ചു.

## Item No. 13

ഫിലോസഫി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ.ആർ. ഷർമിളയുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട് SSUS Act 1994, Section 38(9) പ്രകാരം ഉചിതമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. (No.7889/Ad.A3/ 2011/SSUS (SF))

ബഹു. ഹൈക്കോടതിയുടെ അന്തിമ വിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാമെന്ന് തീരുമാനിച്ചു.

## Item No. 14

കായിക പഠന വകുപ്പ് മേധാവിയുടെ ചുമതലകളും കൃത്യനിർവ്വഹണത്തിന്റെ പ്രത്യേകതകളും പരിഗണിച്ച് ജോലിഭാരത്തിൽ ഇളവ് നൽകി ആഴ്ചയിൽ അഞ്ച് മണിക്കൂർ ആയി കുറച്ചു നൽകണമെന്ന കായിക പഠന വകുപ്പ് മേധാവിയും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ദിന എം.ആർ അപേക്ഷ പരിഗണി യ്ക്കണോ എന്ന് തീരുമാനിയ്ക്കുന്നത് സംബന്ധിച്ച്.[No.01793/ADA2/SSUS/2023(1)]

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, പ്രസ്തുത വിഷയം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

## Item No. 15

സർവകലാശാല പെയിന്റിംഗ് വകുപ്പിന് ഒഴിവില്ലാ വകുപ്പിന്റെ സ്റ്റാറ്റസ് അനുവദിക്കൽ  തീരുമാനത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. Ad.A1/ 16194/SSUS/2018]

14.11.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, സർവകലാശാല പെയിന്റിംഗ് വകുപ്പിലെ ആദ്യ പി.എച്ച്.ഡി രജിസ്ട്രേഷൻ 11.03.2022 ൽ ചെയ്തതിനാൽ പ്രസ്തുത തീയതി മുതൽ ടി വകുപ്പിന് അവധിയില്ലാ വകുപ്പ് സ്റ്റാറ്റസ് അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 16

സംസ്കൃത വേദാന്ത വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. നിഷാദ് ടി.എസ്. - ന് അസിസ്റ്റന്റ് പ്രൊഫസർ AGP 7000 ലേക്ക് CAS മുഖേന നൽകിയ പ്രൊമോഷൻ സംബന്ധിച്ച്. (No. Ad.D/3449/CAS-Skt-Vedanta/SSUS/2023)

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, ഡോ. നിഷാദ് ടി.എസ്. പങ്കെടുത്ത 28.11.2017 മുതൽ 21.12.2017 വരെയുള്ള ട്രെയിനിംഗ് പ്രോഗ്രാം (21 ദിവസം) റിഫ്രഷർ കോഴ്സിന് തുല്യമായി കണക്കാക്കാനും അതുപ്രകാരം റിഫ്രഷർ / ഓറിയന്റേഷൻ പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നതിനുള്ള തീയതി 31.12.2018 വരെ ദീർഘിപ്പിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡോ. നിഷാദ് ടി. എസ്. ന് 31.03.2016 തീയതി പ്രാബല്യത്തിൽ അസിസ്റ്റന്റ് പ്രൊഫസർ AGP 7000 തസ്തികയിലേക്ക് CAS പ്ലേയ്സ്മെന്റ് നൽകാൻ തീരുമാനിച്ചു.

## Item No. 17

ശ്രീ.ഷാരോൺ കെ. മീരാൻ, അസിസ്റ്റന്റിന്റെ ആശ്രിത നിയമനം സംബന്ധിച്ച് സ്റ്റാൻഡിംഗ് കൗൺസിൽ നൽകിയ നിയമോപദേശം സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. Ad.B/10496/SSUS/2013)

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, പ്രസ്തുത വിഷയത്തിൽ സ്റ്റാൻഡിംഗ് കൗൺസിൽ നൽകിയ നിയമോപദേശ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

## Item No. 18

പരേതനായ ഓഫീസ് അറ്റൻഡന്റ് ശ്രീ. ബിജു എം.പി.യുടെ പങ്കാളി ശ്രീമതി. മിനി എം.ടി - യുടെ ആശ്രിത നിയമന അപേക്ഷ സംബന്ധിച്ച്. (No. Ad.B/13746/SSUS/2011)

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 17.10.2023 ലെ F1/92/2020/Hedn നമ്പർ കത്തിലെ സർക്കാർ നിർദ്ദേശ പ്രകാരം സംസ്കൃത സർവകലാശാല പോലെ തസ്തികകൾ കുറഞ്ഞ സർവകലാശാലകൾക്ക് ആശ്രിത നിയമനം വഴി ജോലി ലഭിക്കാൻ ഒരു വർഷം അതത് തസ്തികകളിൽ

കുറഞ്ഞത് 20 ഒഴിവ് ഉണ്ടാകണം എന്നിരിക്കെ ആർക്കും ആശ്രിത നിയമനം വഴി ജോലി ലഭിക്കില്ല എന്ന കാര്യം സർക്കാരിനെ അറിയിക്കാനും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിത നിയമനത്തിനു വേണ്ടിയുള്ള ശ്രീമതി. മിനി എം.ടി യുടെ അപേക്ഷ സർക്കാരിന്റെ അനുമതിയ്ക്ക് സമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 19

സർവകലാശാലയിൽ പാർട്ട് ടൈം കണ്ടിജന്റ് സർവീസ് റൂൾസ് നടപ്പിലാക്കിയതിന് സിൻഡിക്കേറ്റിന്റെ സാധൂകരണം തേടുന്നത് സംബന്ധിച്ച്. (No. Ad.B/10542/SSUS/2018)

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, പാർട്ട് ടൈം കണ്ടിജന്റ് സർവീസ് റൂൾസ് സർവകലാശാലയിൽ നടപ്പിലാക്കിയത് സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 20

ശ്രീ. സതീഷ് കുമാർ കെ.എ. - അച്ചടക്ക നടപടി - സംബന്ധിച്ച്. (No. Ad.A1/2932/SSUS/2019)

റിപ്പോർട്ട് ശ്രദ്ധിച്ചു. ശിക്ഷാ നടപടി വിശദീകരിച്ചു കൊണ്ട് അറിയിപ്പ് നൽകാനും മറുപടി ആവശ്യപ്പെടാനും തീരുമാനിച്ചു. ശ്രീ. സതീഷ് കുമാർ കെ.എ. - യുടെ മറുപടി ലഭിച്ചതിനു ശേഷം ഉചിതമായ തീരുമാനം എടുക്കാമെന്ന് തീരുമാനിച്ചു.

## Item No. 21

ക്ലാസ്സ് IV തസ്തികയിൽ നിന്നും അപ്ഗ്രേഡ് ചെയ്യപ്പെട്ട് ഏഴ് ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ അംഗീകാരം സംബന്ധിച്ച്. [No. Ad.B/8241/SSUS/2013(SF)]

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 22

പട്ടികജാതി-പട്ടികവർഗ്ഗ(അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള റൂളും റെഗു ലേഷനും അംഗീകരിക്കുന്നത് സംബന്ധിച്ച്. [No.03535/ADC3/ SSUS/2023(1)]

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, പട്ടികജാതി - പട്ടികവർഗ്ഗ സെല്ലിന്റെ കോ-ഓർഡിനേറ്ററായ ഡോ. കെ.ആർ. സജിത സമർപ്പിച്ച പട്ടികജാതി - പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള റൂളും റെഗുലേഷനും അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 23

മലയാളം ഗവേഷണ പഠന വകുപ്പിലെ പി.എച്ച്.ഡി 2022 അഡ്മിഷൻ സംബന്ധിച്ച്. [No. Acd.A1/15070/SSUS/2022(S.F)]

WP(C) 1947/2023 നമ്പർ കേസിലെ 04.08.2023 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധി നടപ്പിലാക്കിക്കൊണ്ടും എസ്.സി/എസ്.ടി കാറ്റഗറി യുടെള്ള സംവരണം സംരക്ഷിക്കുവാനായി പ്രസ്തുത വിഭാഗത്തിലെ ഒരു അപേക്ഷകയ്ക്കു കൂടി പ്രവേശനം നൽകിക്കൊണ്ടും മലയാള ഗവേഷണ പഠന വകുപ്പിലെ പി.എച്ച്.ഡി 2022 അഡ്മിഷൻ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയ ബഹു.വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 24

SAMARTH ERP സർവകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച്. [No. 02476/IT1/SSUS/2023(1)]

SAMARTH ERP സർവകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 25**

സർവകലാശാലയിൽ താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡി ടി പി ഓപ്പറേറ്റർ തസ്തികയുടെ വേതനം നിശ്ചയിക്കൽ- വൈസ് ചാൻസലറുടെ ഉത്തരവ് സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. [No. 01493/ ADC1/SSUS/2023(1)]

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No. 26**

പബ്ലിക് റിലേഷൻസ് വിഭാഗം - സർവകലാശാല വാർഷിക റിപ്പോർട്ട് 2019-2020, 2020-2021. (No. 5995/PRO/SSUS/2023)

2019-2020, 2020-2021 വർഷങ്ങളിലെ സർവകലാശാല വാർഷിക റിപ്പോർട്ട് അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 27**

FMTS മുഖേന നൽകുന്ന സർട്ടിഫിക്കറ്റുകളിൽ QR Code ഉൾപ്പെടുത്തിയത് - റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. [No. 02976/ACDB1/SSUS/2023(1)]

FMTS മുഖേന നൽകുന്ന സർട്ടിഫിക്കറ്റുകളിൽ QR Code ഉൾപ്പെടുത്തിയ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 28**

HD Digitization of Koodiyattam പദ്ധതി പൂർത്തീകരണത്തിനായി തീയേറ്റർ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി. ഉഷ പി.കെ. യ്ക്ക് അനുവദിച്ച മുൻകൂർ ക്രമീകരിക്കുന്നതിന് അനുമതി നൽകിയ വൈസ് ചാൻസലറുടെ ഉത്തരവ് സാധൂകരിക്കുന്നത് സംബന്ധിച്ച്. [No. 00165/PLD1/SSUS/2022(1)]

HD Digitization of Koodiyattam പദ്ധതി പൂർത്തീകരണത്തിനായി തീയേറ്റർ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി. ഉഷ പി.കെ. യ്ക്ക് അനുവദിച്ച 750000/-, 250000/- എന്നീ തുകകളുടെ മുൻകൂർ ക്രമീകരിക്കുന്നതിനു അനുമതി നൽകിയ ബഹു.വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## ADDITIONAL AGENDA

**Item No. 1**

Award of Ph.D Degree to Smt. Neethu Unni in Malayalam [No. EA/PhD/ 779/ SSUS/2023(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 07.12.2023, it is resolved to award Ph.D to Smt. Neethu Unni in Malayalam under the Faculty of Indian Languages for the Ph.D Thesis titled "പൊതു മണ്ഡലവും നവ മാധ്യമ സംസ്കാരവും" under the guidance of Dr. S. Preeya, Professor, Department of Malayalam, SSUS, Kalady on the date of Viva Voce held on 24.11.2023.

**Item No. 2**

സർവകലാശാല പ്രൊവിഷണൽ, മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി നൽകുന്നത് സംബന്ധിച്ച്. [No. 9593/E.C/SSUS/2023(1)]

07.12.2023 ലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 01.01.2024 മുതൽ യോഗ്യരായ യു.ജി/പി.ജി/ഡിപ്ലോമ/പി.ജി. ഡിപ്ലോമ/ എം.ഫിൽ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഡെപ്യൂട്ടി രജിസ്ട്രാറുടെ ഡിജിറ്റൽ സിഗ്നേച്ചറോടു കൂടിയ പ്രൊവിഷണൽ, മൈഗ്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കാൻ തീരുമാനിച്ചു.

**Item No. 3**

അനുപമ പി.എം. ന്റെ കോർ കോഴ്സ്, എലെക്റ്റീവ് കോഴ്സ് എന്നിവയുടെ വാല്യുവേഷൻ സ്കീം സംബന്ധിച്ച്. [No. 03007/ACDA1/SSUS/2023(1)]

07.12.2023 ലെ പരീക്ഷ സ്ഥിരം സമിതിയുടെയും അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് നൃത്ത ഗവേഷണ പഠന വകുപ്പിലെ ഗവേഷകയായ അനുപമ പി.എം. ന്റെ കോർ, എലെക്റ്റീവ് എന്നിവയുടെ മൂല്യ നിർണ്ണയം പുതിയ റെഗുലേഷൻ പ്രകാരം നടത്താൻ തീരുമാനിച്ചു.

**Item No. 4**

2021 അഡ്മിഷൻ എം.ഫിൽ സംസ്കൃതം സാഹിത്യം വിദ്യാർത്ഥി രശ്മി ബി. യുടെ പ്രബന്ധ മൂല്യ നിർണ്ണയം സംബന്ധിച്ച്. (No. E.D/15087/2012/SSUS)

07.12.2023 ലെ പരീക്ഷ സ്ഥിരം സമിതിയുടെയും അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, എം.ഫിൽ പ്രോഗ്രാം സർവകലാശാലയിൽ നിർത്തിയ സാഹചര്യത്തിൽ 2021 അഡ്മിഷൻ എം.ഫിൽ സംസ്കൃതം സാഹിത്യം വിദ്യാർത്ഥിയായ രശ്മി ബി. ഓൺലൈൻ വഴി സെമിനാർ കോഴ്സ് പൂർത്തീകരിച്ചതിനാലും എം.ഫിൽ Dissertation സമർപ്പിച്ചതിനാലും പ്രസവാവധിയിലായതിനാലും പ്രബന്ധ മൂല്യ നിർണ്ണയം നടത്താൻ തീരുമാനിച്ചു.

**Item No. 5**

മ്യൂസിക് വകുപ്പ് 2020 അഡ്മിഷൻ ഗവേഷക അനുരാധ കെ.യ്ക്ക് മെഡിക്കൽ ലീവ് അനുവദിക്കുന്നത് സംബന്ധിച്ച്. [No. 01875/ACDA2/SSUS/2023(2)]

07.12.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, മ്യൂസിക് വകുപ്പ് 2020 അഡ്മിഷൻ ഗവേഷക അനുരാധ കെ.യ്ക്ക് 2022 ജൂൺ മുതൽ 2022 ഡിസംബർ വരെ നഷ്ടമായ ഹാജർ നില Re-do ചെയ്ത്

നികത്തുന്നതിനും തുടർന്ന് പ്രബന്ധം സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുവാനുള്ള അനുമതി നൽകുവാനും തീരുമാനിച്ചു.

## Item No. 6

ഉറുദു വിഭാഗം കാലടി മുഖ്യ കേന്ദ്രത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച്. (No. 02907/ADA3/SSUS/2023)

കൂടുതൽ പഠനത്തിനും ചർച്ചക്കുമായി അക്കാദമിക് ആൻഡ് റിസർച്ച് കമ്മറ്റിക്ക് വിടാൻ തീരുമാനിച്ചു.

## Item No. 7

2015 ന് മുൻപ് രജിസ്റ്റർ ചെയ്ത ഗവേഷക വിദ്യാർത്ഥികൾക്ക് പ്രബന്ധം സമർപ്പിക്കുവാൻ അവസരം നൽകുന്നത് സംബന്ധിച്ച്. (No. Acd.A1/8145/SSUS/ 2021)

07.12.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 2015 ന് മുൻപ് രജിസ്റ്റർ ചെയ്ത അതായത് 2015 റഗുലേഷൻ ബാധകമല്ലാത്ത (01.12.2015 ന് മുൻപ് രജിസ്റ്റർ ചെയ്ത) നാളിതുവരെ തീസിസ് സമർപ്പിക്കാത്ത ഗവേഷകരുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിനോ അല്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രബന്ധ സമർപ്പണത്തിന് അനുവദിക്കുന്നതിനോ വേണ്ടി അദാലത്ത് നടത്തുവാൻ തീരുമാനിച്ചു.

## Item No. 8

ഡിപ്ലോമ, പി.ജി ഡിപ്ലോമ, ബിരുദ, ബിരുദാനന്തര ബിരുദ, പി.എച്ച്.ഡി സർട്ടിഫിക്കറ്റുകളുടെ ഭേദഗതി വരുത്തിയ മാതൃക അംഗീകരിക്കുന്നത് സംബന്ധിച്ച്. [No.02289/ ACDC1/ SSUS/2023(1)]

07.12.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, സർട്ടിഫിക്കറ്റുകളുടെ മാതൃക പരിശോധിക്കുന്നതിനായി രൂപീകരിച്ച

കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിക്കാനും പ്രസ്തുത കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ, പി.ജി. ഡിപ്ലോമ എന്നീ പ്രോഗ്രാമുകളുടെ പൊതുവായ സർട്ടിഫിക്കറ്റ് മാതൃക, സർട്ടിഫിക്കറ്റ് ബ്ലാങ്ക് ഷീറ്റ്, പി.എച്ച്.ഡി പ്രോഗ്രാമിനുള്ള സർട്ടിഫിക്കറ്റ് മാതൃക എന്നിവ അംഗീകരിക്കാനും തീരുമാനിച്ചു. കൂടാതെ സുരക്ഷാ മാനദണ്ഡങ്ങൾ ചർച്ച ചെയ്ത് നിശ്ചയിക്കുന്ന തിന് പ്രോ വൈസ് ചാൻസലറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 9

2021 അഡ്മിഷൻ എം.എ സോഷ്യോളജി വിദ്യാർത്ഥിനി ജയലക്ഷ്മി എം. പി - യ്ക്ക് അനുവദിച്ച മൂന്നാം സെമസ്റ്ററിലെ സീറോ സെമസ്റ്റർ ഉത്തരവ് അടുത്ത അധ്യയന വർഷത്തിലേയ്ക്ക് മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്[No.02439/SOACDB/SSUS/2023(1)

07.12.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 2021 അഡ്മിഷൻ എം.എ സോഷ്യോളജി വിദ്യാർത്ഥിനി ജയലക്ഷ്മി എം.പി - യ്ക്ക് അനുവദിച്ച മൂന്നാം സെമസ്റ്ററിലെ സീറോ സെമസ്റ്റർ ഉത്തരവ് അടുത്ത അധ്യയന വർഷത്തിലേയ്ക്ക് മാറ്റി വയ്ക്കാൻ തീരുമാനിച്ചു.

## Item No. 10

യു.ജി റെഗുലേഷൻ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്. (No.Acd.C2/12090/ SSUS/2022)

07.12.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 2022 ബി.എ. സംസ്കൃതം, ഡാൻസ്, മ്യൂസിക് റഗുലേഷനുകളിൽ 24.11.2023 ന് കൂടിയ യു.ജി. റഗുലേഷൻ കമ്മിറ്റി യോഗത്തിന്റെ ശിപാർശകൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

## Item No. 11

2018 അഡ്മിഷൻ എം. എ ഫിലോസഫി വിദ്യാർഥിക്ക് മൂന്നാം സെമെസ്റ്ററിലെ ഒരു കോഴ്സിന് മേഴ്സി ചാൻസ് അനുവദിക്കുന്നത് - സംബന്ധിച്ച്.

(No. 03254/Acd.B2/ SSUS/2023)

07.12.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 2018 അഡ്മിഷൻ എം. എ ഫിലോസഫി വിദ്യാർഥിയായിരുന്ന ജോയിസ് കുര്യന് (18 KA03PH10) മൂന്നാം സെമസ്റ്ററിലെ Aesthetics – Major issues എന്ന കോഴ്സ് റീ അപ്പിയർ ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകാനും ഇതിനുള്ള ചെലവ് നിശ്ചയിച്ച് ടി വിദ്യാർത്ഥിയിൽ നിന്നും ഈടാക്കി പരീക്ഷ നടത്തുവാനും തീരുമാനിച്ചു.

## Item No. 12

ഒരു ബിരുദാനന്തര ബിരുദം ഉള്ള വിദ്യാർഥികൾക്ക് മറ്റൊരു ബിരുദാനന്തര ബിരുദ പ്രോഗ്രാമിന് പ്രവേശനം അനുവദിക്കുന്നതിന് - സർവകലാശാലയുടെ 2019 പി. ജി റെഗുലേഷൻ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച് [No.03727/ACDC1/ SSUS/2023(1)]

07.12.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, സർവകലാശാലയിൽ ഒരു ബിരുദാനന്തര ബിരുദം ഉള്ള വിദ്യാർഥികൾക്ക് ഫീസിളവ്, ഹോസ്റ്റൽ താമസം, ഇലക്ഷനിൽ മത്സരിക്കാനുള്ള അവകാശം എന്നിവ ഒഴിവാക്കിക്കൊണ്ട് സർവകലാശാലയുടെ എല്ലാ പി.ജി പ്രോഗ്രാമുകളിലും പ്രവേശനം നൽകുന്ന തരത്തിൽ 2019 പി.ജി റെഗുലേഷനിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

## Item No. 13

സർവകലാശാല പ്രസിദ്ധീകരണങ്ങളുടെ പ്രസാധന പേരും ലോഗോയും സംബന്ധിച്ച്. (No. 01193/PUB1/SSUS/2023)

സർവകലാശാല പ്രസിദ്ധീകരണങ്ങളുടെ പ്രസാധന പേര് ശ്രീശങ്കരാചാര്യ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി പ്രസ് എന്നാക്കി മാറ്റുവാൻ തീരുമാനിച്ചു. ലോഗോയിലും തദനുസൃതമായി (SSUP) എന്ന് മാറ്റാൻ തീരുമാനിച്ചു.

## Item No. 14

33-ാമത് ദേശീയ യുവജനോത്സവം-അനുമോദന യോഗത്തിനായി അനുവദിച്ച മുൻകൂർ ക്രമീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് പിഴ പലിശ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് സൂചിപ്പിച്ച് ഡോ. ഉണ്ണികൃഷ്ണൻ. പി (ഡയറക്ടർ, വിദ്യാർത്ഥി സേവന വിഭാഗം) സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്. (No. SSC/422/SSUS/2018)

11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 04-10-2011 തീയതിയിലെ G.O(P) No. 419/11/Fin. എന്ന സർക്കാർ ഉത്തരവിൽ സ്പഷ്ടീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് ബിൽ ബി വിഭാഗത്തിൽ നിന്ന് സർക്കാരിലേയ്ക്ക് അയച്ച കത്തിന് ഇതുവരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഒരു ഓർമ്മ കത്ത് കൂടി അയക്കാനും മറുപടി ലഭ്യമാകുന്നതുവരെ പിഴപ്പലിശ ഒടുക്കുന്നതിന് ഡോ. ഉണ്ണികൃഷ്ണൻ പി. യ്ക്ക് സാവകാശം അനുവദിക്കാനും തീരുമാനിച്ചു.

## Item No. 15

കായിക വിഭാഗം ഇന്റർ സെന്റർ ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ - തുക reappropriate ചെയ്യുന്നത് സംബന്ധിച്ച്. [No. 02879/SSC2/SSUS/2023(1)]

2023 - 2024 അധ്യയന വർഷത്തെ ഇന്റർ സെന്റർ മത്സരങ്ങൾക്കായി സമർപ്പിച്ച എസ്റ്റിമേറ്റ് തുകയായ 199000/- രൂപ നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ്

ശീർഷകമായ 2329 -01 physical edn inter centre activities എന്ന ഹെഡ് - ഓഫ് അക്കൗണ്ടിൽ വകയിരുത്തിയ 100000/- രൂപയെക്കാൾ കൂടുതലായതിനാൽ 2330 - 01 intra centre activities എന്ന ഹെഡ് - ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ലക്ഷം രൂപ re-appropriate ചെയ്യുന്നതിനായി തീരുമാനിച്ചു. കൂടാതെ തുക അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 16

പി.എഫ് നിക്ഷേപം ജൂലൈ 1 മുതൽ ഓഗസ്റ്റ് 30 വരെയുള്ള കാലയളവിലേക്ക് പലിശമാറ്റം വരുത്തുന്നത് സംബന്ധിച്ച്. [No. 02867/BILLA3/SSUS/2023(1)]

11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 01.07.2023 മുതൽ 30.09.2023 വരെ സർവകലാശാല ഭവിഷ്യനിധി അക്കൗണ്ടിലുള്ള നിക്ഷേപങ്ങൾക്ക് പലിശ നിശ്ചയിച്ചു കൊണ്ടുള്ള സ.ഉ(അച്ചടി) നമ്പർ 48/2023/ധന നമ്പർ സർക്കാർ ഉത്തരവ് സർവകലാശാല യിൽ നടപ്പിൽ വരുത്താൻ അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 17

2022 PG admission വിദ്യാർത്ഥിനിയായ അഫ്നയുടെ ഹോസ്റ്റൽ ഫീ ഒഴിവാക്കണ മെന്ന അപേക്ഷയിൽ തീർപ്പു കൽപ്പിക്കുന്നതു സംബന്ധിച്ച്. (No. 5638/SWC/ SSUS/2012)

11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പ്രകാരം ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് പലിശ ഒഴിവാക്കി നൽകുന്നതിന് തീരുമാനിച്ചു.

## Item No. 18

Centre For Comparative Literature ന് Departmental സ്റ്റാറ്റസ് അനുവദിക്കുന്നത് സംബന്ധിച്ച്. [No. 00969/ACDB1/SSUS/2023(1)]

സർവകലാശാലയിലെ വിവിധ ഭാഷാവകുപ്പുകളുടെ അഭിപ്രായം ശേഖരിച്ച് അക്കാദമിക് & റിസർച്ച്, സ്റ്റാഫ് & ലീഗൽ, ഫിനാൻസ് എന്നീ സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

## Item No. 19

SSUS സെന്റർ ഫോർ അക്കാദമിക് റൈറ്റിങ്ങ് (SCAW) -ന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രൊജക്റ്റ് ഫെല്ലോ/കോഓർഡിനേറ്ററെ നിയമിക്കുന്നത് സംബന്ധിച്ച്. [No. 00018/IQAC2/SSUS/2022(1)]

14.11.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, SSUS സെന്റർ ഫോർ അക്കാദമിക് റൈറ്റിങ്ങ് (SCAW) -ന്റെ ദൈനംദിനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രൊജക്റ്റ് ഫെല്ലോ/കോ-ഓർഡിനേറ്ററെ നിയമിക്കാൻ തീരുമാനിച്ചു. പ്രതിമാസ ശമ്പളം 50,000/- രൂപയായും പ്രസ്തുത ശമ്പളം പദ്ധതി ഗ്രാന്റിൽ നിന്നും അനുവദിക്കാനും കരാർ കാലാവധി ഒരു വർഷമായി നിജപ്പെടുത്താനും തീരുമാനിച്ചു.

## Item No. 20

വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് തുക ലഭിച്ചിട്ടും സർവകലാശാലയിൽ ഫീസ് ഒടുക്കാത്തത് സംബന്ധിച്ച്. (No. ACDC2/2204/SSUS/2022)

13.11.2023 ലെ സ്റ്റുഡന്റ്സ് വെൽഫയർ സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, SC/ST Cell കോർഡിനേറ്റർ തയ്യാറാക്കി സമർപ്പിച്ച

സത്യവാങ്മൂലത്തിന്റെ മാതൃക താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുവാനും വിദ്യാർത്ഥികൾക്കെതിരെ നടപടി സ്വീകരിക്കുമ്പോൾ പട്ടികജാതി വികസന വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിക്കുവാനും തീരുമാനിച്ചു.

"എന്തെന്നാൽ ഇ-ഗ്രാന്റ്സ് സംബന്ധിച്ച് തന്നിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ മനസിലാക്കുന്നു എന്നും, എന്റെ ________________ IFSC Code ഉള്ള __________________________നമ്പർ ബാങ്ക് അക്കൗണ്ടിൽ ഇ - ഗ്രാന്റ്സ് തുക മുഴുവൻ ലഭ്യമായി ഒരാഴ്ചക്കുള്ളിൽ സർവകലാശാലയിൽ അടക്കേണ്ടതായ ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ, എക്സാം ഫീ, എന്നിവ ഡിപ്പാർട്ടുമെന്റ് / ക്യാമ്പസ് ഓഫീസിൽ അടച്ചുകൊള്ളാമെന്നും സമ്മതിക്കുന്നു . അല്ലാത്തപക്ഷം എന്റെ TC, CC, No Dues ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകൾ സർവകലാശാല തടഞ്ഞു വെക്കുമെന്നുള്ള വിവരം എനിക്ക് അറിവുള്ളതാണെന്നും അത്തരം നടപടികൾ സ്വീകരിക്കുവാൻ ഇതിനാൽ ഞാൻ സമ്മതം നൽകുകയും ചെയ്യുന്നു."

കൂടാതെ പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നേരിട്ട് ലഭ്യമാക്കുന്നുണ്ടോ എന്നത് പഠനവകുപ്പുകളിലെ / പ്രാദേശികകേന്ദ്രങ്ങളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുകയും യഥാസമയം സർവകലാശാലയ്ക്ക് ലഭിക്കേണ്ട ഫീസ് ഒടുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും ചെയ്യേണ്ടതാണെന്ന് നിർദ്ദേശം നൽകുവാനും തീരുമാനിച്ചു. ഫീസ് കൃത്യമായി അടക്കാത്ത പട്ടികജാതി വിദ്യാർത്ഥികളുടെ വിവരങ്ങൾ അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അയച്ചു നൽകാനും തീരുമാനിച്ചു.

## Item No. 21

വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് late fee/search fee വാങ്ങുന്നതും സംബന്ധിച്ച്. (No. SSC/7864/SSUS/2023)

11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, TC/CC എന്നിവ അനുവദിക്കുന്നതിന് താഴെ പറയുന്ന നിരക്കിൽ Search Fee നിശ്ചയിക്കുവാൻ തീരുമാനിച്ചു.

- പഠന പദ്ധതി പൂർത്തിയാക്കി 3 വർഷം വരെ - NIL
- പഠന പദ്ധതി പൂർത്തിയാക്കി 3 വർഷം മുതൽ 5 വർഷം വരെ - 500/- രൂപ
- പഠന പദ്ധതി പൂർത്തിയാക്കി 5 വർഷത്തിനു ശേഷം - 1000/- രൂപ

കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും തീരുമാനിച്ചു.

- 2014-15 ന് മുൻപുള്ള എല്ലാ വിദ്യാർത്ഥികളും സർവ്വകലാശാലയിൽ സമർപ്പിച്ചിട്ടുള്ളതും സർവ്വകലാശാലയിൽ നിന്നും അനുവദിച്ചിട്ടുള്ളതും എന്നാൽ കൈപ്പറ്റിയിട്ടില്ലാത്തതുമായ എല്ലാ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും അനുബന്ധ രേഖകളും ഒരു നിശ്ചിത തീയതിക്കകം വാങ്ങണമെന്ന് കാണിച്ച് പത്രക്കുറിപ്പ്/അറിയിപ്പ് നൽകേണ്ടതാണ്.
- 2024-25 അഡ്മിഷൻ മുതൽ മേൽപ്പറഞ്ഞ രേഖകൾ പ്രോഗ്രാം പൂർത്തിയാക്കുന്ന മുറയ്ക്ക് കൈപ്പറ്റിക്കൊള്ളാമെന്ന് വിദ്യാർത്ഥികൾ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.

## Item No. 22

BFA വിദ്യാർത്ഥികൾക്ക് പെയിന്റിംഗ് (ഹിസ്റ്ററി ഓഫ് ആർട്സ് ആൻഡ് എസ്റ്റെറ്റിക്സ്) വിഷയത്തിന് സ്ഥിര അദ്ധ്യാപകനെ നിയമിക്കൽ - SFI സമർപ്പിച്ച നിവേദനം - സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 02972/ADA1/ SSUS/2023(1)]

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, പെയിന്റിംഗ് വകുപ്പിൽ ഹിസ്റ്ററി ഓഫ് ആർട്സ് ആൻഡ് എസ്തെറ്റിക്സ് സ്പെഷലൈസേഷനിൽ ഒരു സ്ഥിര അദ്ധ്യാപക തസ്തിക സൃഷ്ടിക്കാനും അംഗീകാരത്തിനായി സർക്കാരിലേക്ക് കത്തയക്കാനും തീരുമാനിച്ചു. കൂടാതെ അഡ്ജന്റ് ഫാക്കൽറ്റിയെ താത്ക്കാലികമായി ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 23**

ശ്രീ. സണ്ണി.പി.ജെ - നിശ്ചിത കാലയളവിൽ പി.എച്ച്.ഡി പൂർത്തിയാക്കുവാൻ സാധിക്കാതിരുന്നതിനാൽ FIP കാലയളവിൽ അനുവദിച്ച ശമ്പളവും ആനുകൂല്യ ങ്ങളും തിരികെ ഈടാക്കണമെന്ന എ.ജി ഓഡിറ്റ് നിർദ്ദേശത്തിൽ തുടർനടപടി കൾ തീരുമാനിക്കുന്നത് സംബന്ധിച്ച്. (No.03188/SOADA/ SSUS/2023)

14.11.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, ആറ് മാസത്തിനകം പ്രബന്ധം സമർപ്പിക്കാൻ ശ്രീ. സണ്ണി.പി.ജെ -യ്ക്ക് അടിയന്തിരമായി നോട്ടീസ് നൽകാനും അല്ലാത്ത പക്ഷം നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു.

**Item No. 24**

സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാരന്റെ ടെർമിനൽ ലീവ് സറണ്ടർ ആനുകൂല്യം അനന്തരാവകാശികൾക്ക് അനുവദിക്കുന്നത് സംബന്ധിച്ച്. (Ad.B/ 15040/SSUS/2018)

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ

പരിഗണിച്ച്, ശ്രീ. ബിജു എം.പി.യുടെ ടെർമിനൽ ലീവ് സറണ്ടർ ആനുകൂല്യം അനന്തരാവകാശികൾക്ക് അനുവദിക്കുമ്പോൾ മൈനറായ മകന്റെ ഷെയർ ടിയാളുടെ വിദ്യാഭ്യാസത്തിനും ക്ഷേമ ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതി നായി മാതാവായ ശ്രീമതി. മിനി എം.ടി യ്ക്ക് അനുവദിച്ച് നൽകാൻ തീരുമാനിച്ചു.

## Item No. 25

റഫറൻസ് ഓഫീസർ (H.G) തസ്തിക സൃഷ്ടിക്കൽ - സിൻഡിക്കേറ്റ് തീരുമാന ത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 00936/ADC1/ SSUS/2023(1)]

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, റഫറൻസ് ഓഫീസർ ഹയർ ഗ്രേഡിൽ രണ്ട് തസ്തികകൾ സൃഷ്ടിക്കാനും സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 26

സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ എണ്ണം ക്രമപ്പെടുത്തുന്നതും, അധികമായുള്ള തസ്തികകൾ മറ്റ് തസ്തികകളായി കൺവേർട്ട് ചെയ്യുന്നതും സംബന്ധിച്ച്. (No. Ad.B/5555/SSUS/2016)

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, പ്രസ്തുത വിഷയത്തിൽ താഴെ പറയും പ്രകാരം തീരുമാനിച്ചു.

1. സർവകലാശാലയിൽ ഓഫീസ് അറ്റൻഡന്റ്മാരുടെ അംഗീകൃത തസ്തികകൾ 75 എണ്ണം എന്നുള്ളതിൽ നിലവിൽ 50 തസ്തികകൾ മതിയാകുന്നതാണ് എന്ന് കണ്ടെത്തിയത് അംഗീകരിക്കാനും അതുപ്രകാരം അംഗീകൃത ഓഫീസ് അറ്റൻഡന്റ് തസ്തികകൾ 50 എന്നാക്കാനും തീരുമാനിക്കുക.

2. ഇപ്പോൾ സർവകലാശാലയിൽ ജോലി ചെയ്യുന്ന 38 സ്ഥിരം ഓഫീസ് അറ്റൻഡന്റ്മാർക്ക് പുറമെ ഇനി 12 തസ്തികകളിൽ കൂടി നിയമനം നടത്തിയാൽ മതിയാകുന്നതാണ്.
3. ആശ്രിത നിയമനത്തിനായി ഒരു ഒഴിവ് മാറ്റിവച്ച് ബാക്കി 11 തസ്തികകളിലേക്ക് നിയമനം നടത്തിയാൽ മതിയാകുന്നതാണ് എന്ന് പി.എസ്.സി. യെ അറിയിക്കുക.

കൂടാതെ അധികമായി കണ്ടെത്തിയ 25 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സർവകലാശാലയുടെ ഭരണനിർവ്വഹണത്തിന് വളരെ അത്യാവശ്യമുള്ള തസ്തികകളായി കൺവേർട്ട് ചെയ്യുന്നത് സംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസലിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക ഒഴിവാക്കാനും പകരം തസ്തിക നിർണ്ണയിച്ച് അടുത്ത സിന്റിക്കേറ്റിലേക്ക് പുനഃസമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 27

ഡോ. ശീതൾ എസ് കുമാർ - മുൻസേവനകാലയളവിലെ ശമ്പളം സംരക്ഷിച്ച് നൽകുന്നത് സംബന്ധിച്ച്. (No. Ad.A3/17668/SSUS/2023(2))

സർവകലാശാലയിൽ നിയമിക്കുന്ന അധ്യാപകരുടെ സർവ്വീസിന് ബാധകമായ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും, അക്കാര്യങ്ങളിലെ പരാതികൾ പരിഹരിക്കുന്നതിനുള്ള അധികാരവും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ആക്ട്, 1994, സെക്ഷൻ 14(j) പ്രകാരം സർവകലാശാലയുടെ സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണ്.

അതുപോലെ തന്നെ സർവകലാശാല സ്റ്റാറ്റ്യൂട്ട്, 1991, അധ്യായം V, സ്റ്റാറ്റ്യൂട്ട് 3(xii) പ്രകാരവും സർവകലാശാലയിൽ നിയമിതരാവുന്നവരുടെ ചുമതലകളും, ശമ്പളവും നിശ്ചയിക്കുന്നതിനും (fix and determine) തീരുമാനിക്കുന്നതിനുമുള്ള അധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

സംസ്ഥാനത്തെ യുജിസി/എ.ഐ.സി.ടി.ഇ സ്കീമിന് കീഴിൽ വരുന്ന അധ്യാപകരുടെ മുൻകാല ശമ്പളം സംരക്ഷിക്കുന്നതിന് അനുവദിക്കുന്ന മേൽ വ്യവസ്ഥകൾ ഭേദഗതി ചെയ്യുവാൻ ഗവൺമെന്റ് കത്തു മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു എന്നിരിക്കിലും, പിന്നീട് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ പ്രസ്തുത ഭേദഗതി നിർദ്ദേശത്തിൽ നടപടി സ്വീകരിക്കേണ്ടതില്ലെന്നും ഗവൺമെന്റിന്റെ ഡി2/165/2022/ഉ.വി.വ നമ്പർ 18.10.2023 ലെ കത്ത് പ്രകാരം അറിയിച്ച് പ്രസ്തുത നടപടി നിർത്തി വച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ഡോ. ശീതൾ എസ് കുമാറിന്റെ മുൻ സേവനകാലയളവിലെ ശമ്പളം ടിയാളുടെ നിയമന തീയതി മുതൽ സംരക്ഷിച്ചു ആനുകൂല്യങ്ങൾ നൽകുവാൻ തീരുമാനിച്ചു.

## Item No. 28

ചരിത്ര വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അഭിലാഷ് എം.-ന് മുൻസേവന കാലയളവിലെ ശമ്പളം സംരക്ഷിച്ചു നൽകുന്നത് സംബന്ധിച്ച്. (No. Ad.A3/2215/ SSUS/2023)

സർവകലാശാലയിൽ നിയമിക്കുന്ന അധ്യാപകരുടെ സർവ്വീസിന് ബാധകമായ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും, അക്കാര്യങ്ങളിലെ പരാതികൾ പരിഹരിക്കുന്നതിനുള്ള അധികാരവും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ആക്ട്, 1994, സെക്ഷൻ 14(j) പ്രകാരം സർവകലാശാലയുടെ സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണ്.

അതുപോലെ തന്നെ സർവകലാശാല സ്റ്റാറ്റ്യൂട്ട്, 1991, അധ്യായം V, സ്റ്റാറ്റ്യൂട്ട് 3(xii) പ്രകാരവും സർവകലാശാലയിൽ നിയമിതരാവുന്നവരുടെ ചുമതലകളും, ശമ്പളവും നിശ്ചയിക്കുന്നതിനും (fix and determine) തീരുമാനിക്കുന്നതിനുമുള്ള അധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

സംസ്ഥാനത്തെ യുജിസി/എ.ഐ.സി.ടി.ഇ സ്കീമിന് കീഴിൽ വരുന്ന അധ്യാപകരുടെ മുൻകാല ശമ്പളം സംരക്ഷിക്കുന്നതിന് അനുവദിക്കുന്ന മേൽ വ്യവസ്ഥകൾ ഭേദഗതി ചെയ്യുവാൻ ഗവൺമെന്റ് കത്തു മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു എന്നിരിക്കിലും, പിന്നീട് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ പ്രസ്തുത ഭേദഗതി നിർദ്ദേശത്തിൽ നടപടി സ്വീകരിക്കേണ്ടതില്ലെന്നും ഗവൺമെന്റിന്റെ ഡി2/165/2022/ഉ.വി.വ നമ്പർ 18.10.2023 ലെ കത്ത് പ്രകാരം അറിയിച്ച് പ്രസ്തുത നടപടി നിർത്തി വച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ഡോ. അഭിലാഷ് എം-ന്റെ മുൻ സേവനകാലയളവിലെ ശമ്പളം ടിയാന്റെ നിയമന തീയതി മുതൽ സംരക്ഷിച്ച് ആനുകൂല്യങ്ങൾ നൽകുവാൻ തീരുമാനിച്ചു.

## Item No. 29

ഐടി വിഭാഗം സീനിയർ പ്രോഗ്രാമർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന സുനിൽ എം ന്റെ ശമ്പളം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്. (No.01062/ ADC1/SSUS/2023(1))

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, ഐടി വിഭാഗം സീനിയർ പ്രോഗ്രാമറായ ശ്രീ. സുനിൽ എം - ന് പ്രതിമാസ വേതനം 50000/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. കരാർ കാലാവധി മുഴുവൻ സർവ്വകലാശാലയിൽ സേവനം ചെയ്തു കൊള്ളാമെന്ന് ഉറപ്പ് നൽകുന്ന ഒരു ബോണ്ട് നിഷ്കർഷിക്കാനും തീരുമാനിച്ചു. ഐടി വിഭാഗത്തിലെ മറ്റ് ജീവനക്കാരുടെ വേതന വർദ്ധനവുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കാനും തീരുമാനിച്ചു.

**Item No. 30**

വൈസ് ചാൻസലറുടെ ഓഫീസിൽ സേവനം ചെയ്യുന്ന പാർട്ട് ടൈം സ്വീപ്പർ ശ്രീ. വൽസൻ വി.കെ.യ്ക്ക് നൽകി വരുന്ന അധിക വേതനം പരിഷ്കരിക്കണമെന്ന അപേക്ഷ സംബന്ധിച്ച്. [No. 03760/ADB3/SSUS/2023(1)]

11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, ശ്രീ. വൽസൻ വി.കെ. യുടെ അധിക വേതനം പ്രതിമാസം 2000/- രൂപ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**Item No. 31**

പെയിന്റിംഗ് പഠന വിഭാഗത്തിൽ ക്ലേ-മേക്കറുടെ താൽക്കാലിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. (N0. 03277/ADB3/SSUS/2023)

04.12.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, കേരള പി.എസ്.സി നിശ്ചയിക്കുന്ന യോഗ്യതയുടെയും സർക്കാർ നിശ്ചയിക്കുന്ന വേതനത്തിന്റെയും അടിസ്ഥാനത്തിൽ പെയിന്റിംഗ് പഠന വിഭാഗത്തിൽ ക്ലേ-മേക്കറുടെ താൽക്കാലിക തസ്തിക സൃഷ്ടിക്കുന്നതിന് തീരുമാനിച്ചു.

**Item No.32**

Library Purchase Procedure 2022 ൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്. (No. SSUS/9899/Lib/2022)

06.12.2023 ലെ ലൈബ്രറി & പബ്ലിക്കേഷൻ സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, Library Purchase Procedure 2022 ൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ലൈബ്രറി അഡ്വൈസറി കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ താഴെ പറയുന്ന രീതിയിൽ മാറ്റം വരുത്തി അംഗീകരിക്കാൻ തീരുമാനിച്ചു.

**ഭേദഗതി ഇനം നമ്പർ 2:-** "Foreign books may be purchased directly from the publisher through their authorized franchisee in India if available, ensuring minimum discount rate of 25 % decided by the Library Committee otherwise it should be purchased among the vendors/distributors list prepared by the Library in time ensuring minimum discount rate of 25 %".

## Item No. 33

സർവകലാശാല കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ സൗന്ദര്യവത്ക്കരണ പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നത് സംബന്ധിച്ച്.(No.Eng/852/SSUS/2023)

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ സൗന്ദര്യവത്ക്കരണ പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് ജി.എസ്.ടി ഉൾപ്പെടെ 9,60,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനും ഇ-ദർഘാസുകൾ മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തിയ്ക്കായുള്ള സാങ്കേതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. സർക്കാരിൽ നിന്നും പദ്ധതി ഗ്രാന്റ് അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് സൗന്ദര്യവൽക്കരണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

## Item No. 34

സർവകലാശാല മീഡിയ സെന്റർ, റിസർച്ച് ബോയ്സ് ഹോസ്റ്റൽ എന്നിവയുടെ റൂഫ് ടോപ്പുകളിൽ യഥാക്രമം 30KW, 20KW പ്രവർത്തനശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. Engg/8738/ SSUS/2022)

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, 30 കിലോവാട്ട്, 20 കിലോവാട്ട് വീതം പ്രവർത്തനശേഷിയുള്ള രണ്ട് സോളാർ പവർ പ്ലാന്റുകൾ സർവകലാശാല മീഡിയ സെന്റർ, റിസർച്ച് ബോയ്സ് ഹോസ്റ്റൽ എന്നിവയുടെ റൂഫ് ടോപ്പുകളിൽ സ്ഥാപിക്കുന്നതിനായി 38,83,660/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ANERT മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകാനും തീരുമാനിച്ചു. സർക്കാരിൽ നിന്നും പദ്ധതി ഗ്രാന്റ് അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

## Item No. 35

സൗപർണിക ഹോസ്റ്റലിലെ ടോയ്‌ലറ്റ് ബ്ലോക്കുകളിലെ ലീക്ക് പരിഹരിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നത് - സംബന്ധിച്ച് (No.02400/ENGG1/SSUS/2023)

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, സൗപർണിക ഹോസ്റ്റലിലെ ടോയ്‌ലറ്റ് ബ്ലോക്കുകളിൽ നിന്നുള്ള നനവ് പരിഹരിക്കുന്ന പ്രവൃത്തിയ്ക്കായി ജി.എസ്.ടി കൂടാതെ 2,48,554/- രൂപയും ജി.എസ്.ടി ഉൾപ്പെടെ 2,94,000/- രൂപയും വരുന്ന എസ്റ്റിമേറ്റ് അംഗീകരിച്ചു കൊണ്ട് വാട്ടർ പ്രൂഫിങ്ങ് മേഖലയിൽ പ്രാവീണ്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ദർഘാസുകൾ ക്ഷണിച്ച് പ്രവർത്തി നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിന് സർവകലാശാല എഞ്ചിനീയറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 36

തിരൂർ പ്രാദേശിക കേന്ദ്രത്തിലെ വനിതാ ഹോസ്റ്റലിലേയ്ക്ക് ഇൻവെർട്ടർ / യു.പി.എസ് സ്ഥാപിക്കുന്നത് സംബന്ധിച്ച്. [No. 00318/EST1/SSUS/2022(1)]

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, തിരൂർ പ്രാദേശിക കേന്ദ്രത്തിലെ വനിതാ ഹോസ്റ്റലിലേയ്ക്ക് 30,000/- രൂപയുടെ ഇൻവെർട്ടർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ ടി ഹോസ്റ്റലിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രൊപോസൽ സമർപ്പിക്കാൻ നിർദ്ദേശിക്കാനും തീരുമാനിച്ചു.

## Item No. 37

സർവകലാശാല കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ലൈബ്രറി നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് FIT Aluva, ARTCO Thrissur എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയ്സുകൾ പരിശോധിക്കുന്നത് സംബന്ധിച്ച്. (No. Est2/421/ SSUS/ 2020)

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, FIT Aluva, സമർപ്പിച്ച 6,21,595/- രൂപയുടെ പ്രൊപ്പോസൽ നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

## Item No. 38

രൂപകൽപന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിൽ ഇലക്ട്രിക്ക് കിലൻ (Electric Kiln) സ്ഥാപിക്കുന്നത് സംബന്ധിച്ച്.[No.01426/PLD1/SSUS/ 2023(1)]

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ

പരിഗണിച്ച്, രൂപം സെറാമിക്സുമായി സർവ്വീസ് ആന്റ് മെയിന്റനൻസ് സംബന്ധിച്ചും വർക്ക്ഷോപ്പ്, എസ്റ്റിമേറ്റ് തുക എന്നിവയിലും ഒരു നെഗോഷിയേഷൻ നടത്താൻ രജിസ്ട്രാറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 39

സർവകലാശാല പന്മന പ്രാദേശിക കേന്ദ്രത്തിലെ വിദ്യാർത്ഥികൾക്കായുള്ള ലേഡീസ് ഹോസ്റ്റൽ നിർമ്മാണം-പ്രൊപ്പോസൽ പരിഗണിക്കേണ്ടതുണ്ടോയെന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. Eng/2287/SSUS/2023)

11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 40

സർവകലാശാല അനധ്യാപക ജീവനക്കാരുടെ ക്വാർട്ടേഴ്സ് ഓപ്പൺ സ്പേസിൽ HDPE nylon Anti Bird Net സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിക്കണോയെന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്.[No.02677/ENGG3/SSUS/2023(1)]

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, സർവകലാശാല അനദ്ധ്യാപക ജീവനക്കാരുടെ ക്വാർട്ടേഴ്സിലെ 4, 6, 7 നിലകളുടെ ഓപ്പൺ ടെറസിൽ പക്ഷികൾ പ്രവേശിക്കുന്നത് തടയുന്നതിന് HDPE nylon Anti Bird Net സ്ഥാപിക്കുന്നതിന് ജി.എസ്.ടി ഉൾപ്പെടെ 2,31,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 41**

സർവകലാശാല തിരൂർ പ്രാദേശിക കേന്ദ്രം ലൈബ്രറിയിലേക്ക് അടിയന്തിരമായി 12 ഡബിൾ ഫേസ്ഡ് റാക്കുകളും (6x6 ft.) 12 സിംഗിൾ ഫേസ്ഡ് റാക്കുകളും (6x5 ft.) ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. [No.00222/EST2/ SSUS/ 2022(1)]

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, സർവകലാശാലയുടെ തിരൂർ പ്രാദേശിക കേന്ദ്രം ലൈബ്രറിയി ലേക്ക് അടിയന്തിരമായി 12 ഡബിൾ ഫേസ്ഡ് റാക്കുകളും (6x6 ft.) 12 സിംഗിൾ ഫേസ്ഡ് റാക്കുകളും (6x5 ft.) ലഭ്യമാക്കുന്നതിന് സർവകലാശാല അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) സമർപ്പിച്ച ബുക്ക് റാക്കുകളുടെ സ്പെസിഫിക്കേഷൻ അംഗീകരിക്കാനും 3,60,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ബുക്ക് റാക്കുകൾ വാങ്ങാനും തീരുമാനിച്ചു.

**Item No. 42**

സർവകലാശാല പരീക്ഷാ വിഭാഗത്തിലേയ്ക്കുള്ള പ്രവേശന കവാടങ്ങളിൽ ഗ്രില്ലുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്. (No. 02942/ENGG1/SSUS/2023)

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, സർവകലാശാല ഭരണവിഭാഗം കെട്ടിടത്തിൽ പ്രോ വൈസ് ചാൻസലറുടെ ഓഫീസിൽ നിന്നും പരീക്ഷാ വിഭാഗത്തിലേക്ക് പ്രവേശിക്കുന്ന വലിയ ഗോവണിയുടെ ഭാഗത്തും രണ്ടാം നിലയിൽ പരീക്ഷാ വിഭാഗത്തിലേക്ക് പ്രവേശിക്കുന്ന വരാന്തയുടെ ഭാഗത്തും 8 അടി ഉയരം വരെ Collapsible Steel Grill-ഉം അതിനു മുകളിൽ MS Fixed Grill-ഉം സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കായി

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തയ്യാറാക്കി സമർപ്പിച്ച 3,13000/- രൂപ (ജി.എസ്.ടി ഉൾപ്പെടെ) യുടെ എസ്റ്റിമേറ്റ് അംഗീകരിക്കാനും ഇ-ദർഘാസുകൾ മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകാനും സാങ്കേതികാനുമതി നൽകാൻ സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 43**

സർവകലാശാലയിലെ ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള വിവിധ സാമഗ്രികൾക്കായി AMC കരാറിൽ ഏർപ്പെട്ട തിരുവനന്തപുരത്തുള്ള M/s FI Tech Power Solutions Pvt Ltd സമർപ്പിച്ച ഇൻവോയ്സ് പ്രകാരം ആദ്യ വർഷത്തെ രണ്ടാം ഗഡു AMC തുകയായ ₹2,99,130/- അനുവദിച്ചതിന് സിൻഡിക്കേറ്റിന്റെ സാധൂകരണം ലഭിക്കുന്നത് സംബന്ധിച്ച്. (No. Est3/4184/SSUS/2022)

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, സർവകലാശാലയിലെ ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള വിവിധ സാമഗ്രികൾക്കായി AMC കരാറിൽ ഏർപ്പെട്ട M/s Fi Tech Power Solutions Pvt Ltd എന്ന സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരം 06.06.2023 മുതൽ 05.12.2023 വരെയുള്ള കാലയളവിലെ രണ്ടാം ഗഡു AMC തുകയായ ₹2,99,130/- അനുവദിച്ച് ഉത്തരവായ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 44**

സർവകലാശാല മുഖ്യകേന്ദ്രത്തിൽ പരീക്ഷാ ഭവൻ നിർമ്മിക്കുന്നത് സംബന്ധിച്ച്. (No. Eng./7424/SSUS/2022)

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ

പരിഗണിച്ച് സർവകലാശാലയിൽ പരീക്ഷാ ഭവൻ നിർമ്മിക്കുന്ന പ്രവൃത്തിക്കായി തയ്യാറാക്കി സമർപ്പിച്ച ജി.എസ്.ടി അടക്കമുള്ള 8.05 കോടി രൂപയുടെ (സിവിൽ & പ്ലംബിങ്ങ്) എസ്റ്റിമേറ്റ് അംഗീകരിക്കാനും ഇ-ടെൻഡർ മുഖേന സർവകലാശാല നേരിട്ട് പ്രവൃത്തി നിർവ്വഹിക്കാനും തീരുമാനിച്ചു. സാങ്കേതികാനുമതി നൽകാൻ സർവകലാശാല എഞ്ചിനീയറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 45**

സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പുറകുവശത്തായി വാഹന പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. Eng. 5343/ SSUS/2023)

04.12.2023 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പുറകുവശത്തായി വാഹന പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്ന പ്രവൃത്തി സർവകലാശാല നേരിട്ട് ചെയ്യാൻ തീരുമാനിച്ചു. പ്രസ്തുത പ്രവൃത്തിയ്ക്കായി തയ്യാറാക്കി സമർപ്പിച്ച ജി.എസ്.ടി ഉൾപ്പെടെ 14,10,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കാനും പ്രവൃത്തിക്കുള്ള ഭരണാനുമതി നൽകാനും ഇ-ദർഘാസുകൾ ക്ഷണിച്ചുകൊണ്ട് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള അനുമതി നൽകുവാനും സാങ്കേതികാനുമതി നൽകാൻ സർവകലാശാല എഞ്ചിനീയറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. രണ്ടാം ഗഡു പദ്ധതി ഗ്രാന്റ് ലഭ്യമായതിനുശേഷം തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

## Item No. 46

പരീക്ഷ മൂല്യനിർണയ ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്ക് അനധ്യാപക ജീവനക്കാർക്ക് റെമ്യൂണറേഷൻ നൽകുന്നത് സംബന്ധിച്ച്. (No. EC/5715/SSUS/2022)

07.12.2023 ലെ പരീക്ഷ സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, പരീക്ഷ മൂല്യ നിർണയ ക്യാമ്പിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന അനദ്ധ്യാപക ജീവനക്കാർക്ക് റെമ്യൂണറേഷൻ നൽകുന്നത് സംബന്ധിച്ച് കേരള സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നിവിടങ്ങളിൽ പിൻതുടരുന്ന രീതി ഈ സർവ്വകലാശാലയിലും നടപ്പിലാക്കാൻ തീരുമാനിച്ചു.

## Item No. 47

01.11.2023 ൽ ഡോ. സരുൺ എസ് (കോ- ഓർഡിനേറ്റർ, DMM) സമർപ്പിച്ച "Centre For Disaster Resillence and Vulnerability Studies " സംബന്ധിച്ച പ്രൊപ്പോസൽ. (No. 03370/ Acd.B2/SSUS/2023)

07.12.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച്, ഡോ. സരുൺ എസ് (കോ- ഓർഡിനേറ്റർ, DMM ) സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിക്കാൻ തീരുമാനിച്ചു. അടിസ്ഥാന സൗകര്യങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ സർവ്വകലാശാല തലത്തിൽ വാങ്ങി സെന്റർ കോ ഓർഡിനേറ്റർക്ക് ലഭ്യമാക്കാവുന്നതാണെന്നും തീരുമാനിച്ചു. കൂടാതെ പ്രസ്തുത സെന്ററിന്റെ പേര് "SSUS Centre For Disaster Studies" എന്നാക്കി മാറ്റാനും തീരുമാനിച്ചു.

## Item No. 48

ഫിനാൻസ് ഓട്ടോമേഷനുമായി ബന്ധപ്പെട്ട NIC യുമായി ഏർപ്പെട്ട കരാർ ഒരു വർഷത്തേക്ക് നീട്ടുന്നതിനും NIC യുടെ പ്രൊജക്റ്റ് എഞ്ചിനീയറുടെ ശമ്പളം 30000/-ആക്കി വർധിപ്പിക്കുന്നതും സംബന്ധിച്ച്.(No.12362/Accts/SSUS/ 2019)

11.12.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, NIC യുമായി ഏർപ്പെട്ട കരാർ 2023 നവംബർ 1 മുതൽ 2024 ഒക്ടോബർ 31 വരെയുള്ള ഒരു വർഷത്തേയ്ക്ക് നീട്ടുവാനും NIC യുടെ പ്രൊജക്റ്റ് എഞ്ചിനീയറുടെ ശമ്പളം 25,000/- രൂപയിൽ നിന്നും 30,000/- രൂപയാക്കി വർദ്ധിപ്പിച്ച് നൽകാനും തീരുമാനിച്ചു.

## Item No. 49

2023-2024 സാമ്പത്തിക വർഷത്തെ അക്കാദമിക് ഡെവലപ്മെന്റ് & എക്സ്റ്റൻഷൻ പ്രോഗ്രാം നടത്തുന്നത് സംബന്ധിച്ച്. (Acd.C1/5127/SSUS/2023)

15.12.2023 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതി ശിപാർശ ചെയ്ത അനുബന്ധം I പ്രകാരമുള്ള അക്കാദമിക് ഡെവലപ്മെന്റ് & എക്സ്റ്റൻഷൻ പ്രോഗ്രാം സംബന്ധിച്ച പ്രൊപ്പോസലുകൾ അംഗീകരിക്കുന്നതിനും സർവകലാ ശാലയുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് അവയുടെ ചെലവുകൾ വേണ്ടും വിധം പരിമിതപ്പെടുത്തി അനുവദിക്കാൻ ബഹു. വൈസ് ചാൻസലറെ ചുമതല പ്പെടുത്താനും തീരുമാനിച്ചു.

## Item No. 50

2023-2024 വർഷത്തെ സെമിനാർ, ശിൽപശാല എന്നിവ നടത്തുന്നത് സംബന്ധിച്ച്. [No. 02005/SOACDC/SSUS/2023(1)]

15.12.2023 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതി ശിപാർശ ചെയ്ത അനുബന്ധം II പ്രകാരമുള്ള സെമിനാർ/ശിൽപശാല പ്രൊപ്പോസലുകൾ അംഗീ

കരിക്കുന്നതിനും സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് അവയുടെ ചെലവുകൾ വേണ്ടുംവിധം പരിമിതപ്പെടുത്തി അനുവദിക്കാൻ ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 51

സംസ്കൃത സർവകലാശാല രജത ജൂബിലി സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ടിൽ നിന്നും എം.എസ്.ഡബ്ല്യൂ ട്രാൻസ്ജൻഡർ വിദ്യാർത്ഥി ഋതിഷ ഋതു (സൗരവ് സോമൻ) വിന് ധനസഹായം അനുവദിച്ചത് സംബന്ധിച്ച്. [No. 02882/SSC1/ SSUS/2023(2)]

01.11.2023 ൽ കൂടിയ രജത ജൂബിലി വിദ്യാർത്ഥി ക്ഷേമ നിധി ഭരണസമിതി യോഗ നടപടി ചുരുക്കത്തിന്റെ അടിസ്ഥാനത്തിൽ കാലടി മുഖ്യകേന്ദ്രത്തിലെ മൂന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യൂ ട്രാൻസ്ജൻഡർ വിദ്യാർത്ഥിയായ ഋതിഷ ഋതു (സൗരവ് സോമൻ) വിന് സംസ്കൃത സർവകലാശാല സഹകരണ സംഘത്തിലെ RJSWF അക്കൗണ്ടിൽ നിന്നും 25000/- രൂപയുടെ ചെക്ക് അനുവദിച്ച് നൽകിയത് സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 52

പി.എഫ് നിക്ഷേപം 2023 ഒക്ടോബർ 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് പലിശമാറ്റം വരുത്തുന്നത് സംബന്ധിച്ച്. [No.02867/BILLA3/ SSUS/2023(1)]

01.10.2023 മുതൽ 31.12.2023 വരെയുള്ള കാലയളവിലേക്ക് ജനറൽ പ്രൊവിഡന്റ് ഫണ്ടിലും മറ്റ് സമാന പ്രൊവിഡന്റ് ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 7.1 % പലിശ നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള 23.11.2023 തീയതിയിലെ സ.ഉ.(അച്ചടി)നം.114/2023/ധന നമ്പർ സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിൽ വരുത്താൻ തീരുമാനിച്ചു.

## **Item No. 53**

സർവകലാശാല മുഖ്യകേന്ദ്രത്തിലെ ലാംഗ്വേജ് ബ്ലോക്കിലെ സീലിംഗ് ബലപ്പെടുത്തൽ പ്രവൃത്തി - അധിക അളവുകൾക്കുള്ള സാധൂകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. Eng./8406/SSUS/2022)

സർവകലാശാല മുഖ്യകേന്ദ്രത്തിലെ ലാംഗ്വേജ് ബ്ലോക്കിന്റെ വടക്ക് ഭാഗത്ത് നിന്നും ഒന്നാം നിലയിലേക്ക് കയറുന്ന സ്റ്റെയർകേയ്സിന്റെ Double High Roof-ലെ സീലിംഗ് ഇളകി വീണത് പുന:സ്ഥാപിക്കുന്ന പ്രവൃത്തി കരാറുകാരനായ ശ്രീ. മീതിൽ കുഞ്ഞിന് 176255/- രൂപയുടെ ഉടമ്പടി തുകയ്ക്ക് അധിക പ്രവൃത്തിയായി അനുവദിച്ച് നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

# **OUT OF AGENDA**

## **Item No. 1**

Award of Ph.D Degree to Sri. Sanil T Sunny in English
[No. EA/PhD/762/SSUS/2022]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, it is resolved to award Ph.D to Sri. Sanil T Sunny in English under the Faculty of Foreign Languages for the Ph.D Thesis titled "The Urban Dimensions of Social Stratification: A Culturalist Approach to John Dos Passos' Select Novels" under the guidance of Dr. Raji B Nair, Professor, Department of English, SSUS, Kalady on the date of Viva Voce held on 06.12.2023.

## **Item No. 2**

Erasmus + International Credit Mobility Scheme – വിയന്നയിലുള്ള Central European University (CEU) യുമായി വിദ്യാർത്ഥി അധ്യാപക കൈമാറ്റം സംബന്ധിച്ച്. (No. 03950/OIA1/SSUS/2023)

Erasmus+International Credit Mobility സ്കീമുമായി ബന്ധപ്പെട്ട കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ സമർപ്പിച്ചത് ശ്രദ്ധിച്ചു. കൂടാതെ പ്രസ്തുത സ്കീമിന് അംഗീകാരം നൽകാനും ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കാൻ ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 3

സർവകലാശാലയിലെ രജിസ്ട്രാർ നിയമനം സംബന്ധിച്ച്. (No. Ad.D/9960/ SSUS/2023)

ശ്രദ്ധിച്ചു. രജിസ്ട്രാർ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

## Item No. 4

നാല് വർഷ ബിരുദപ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 17.11.2023 ൽ കൂടിയ സിൻഡിക്കേറ്റിന്റെ യോഗ തീരുമാനത്തിൽ(അജണ്ട ഇനം 2) തിരുത്തൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. [No. 03110/ACDB1/ SSUS/2023(1)]

നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 17.11.2023 ൽ കൂടിയ സിൻഡിക്കേറ്റിന്റെ യോഗ തീരുമാനം അജണ്ട ഇനം 2 – ൽ "സോഷ്യൽ വർക്ക് കാലടി ഒഴികെ രണ്ടു സെന്ററുകളിൽ നടത്താം" എന്ന് രേഖപ്പെടുത്തിയത് "സോഷ്യൽ വർക്ക് കാലടിയിൽ കൂടാതെ രണ്ടു സെന്ററുകളിൽ നടത്താം" എന്നാക്കി തിരുത്തിയ വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 5

സർവകലാശാലയിൽ ഓൺലൈൻ ചോദ്യ പേപ്പർ വിതരണ സംവിധാനം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച്. (No. EA/18838/SSUS/2023)

സർവകലാശാലയിൽ ഓൺലൈൻ ചോദ്യ പേപ്പർ വിതരണ സംവിധാനം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ 14.12.2023 ൽ നടന്ന യോഗത്തിന്റെ ശിപാർശകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 6

സെമിനാർ/ശില്പശാല പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനായി അധ്യാപകരടങ്ങുന്ന വിദഗ്ധ സമിതി രൂപീകരിച്ചത് അംഗീകരിക്കുന്നത് സംബന്ധിച്ച്. (No. Acd.C1/7185/SSUS/2022)

സെമിനാർ/ശില്പശാല പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനായി മൂന്ന് അദ്ധ്യാപകരടങ്ങുന്ന വിദഗ്ധ സമിതി രൂപീകരിച്ചത് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 7

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ഡോ. എ. എസ്. പ്രതീഷ് -ന് എതിരെയുള്ള പരാതിയിന്മേൽ ഐ.സി.സി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് ഉചിതമായ പരിഹാര നടപടികൾ കൈക്കൊള്ളേണ്ടത് സംബന്ധിച്ച്. (No. 00057/ADA3/SSUS/2022)

ഐ.സി.സി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കാൻ തീരുമാനിച്ചു. റിപ്പോർട്ടിന്റെ പകർപ്പ് ഡോ. എ. എസ്. പ്രതീഷ് -ന് നൽകാനും മറുപടിയ്ക്കു വേണ്ടി 15 ദിവസം അനുവദിക്കാനും തീരുമാനിച്ചു. മറുപടി ലഭിച്ച ശേഷം ഉചിതമായ നടപടികൾക്കായി സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 8

കാലിക്കറ്റ് യൂണിവേഴ്സിറ്റി EMMRC യിൽ നടത്തിയ ഇന്റേൺഷിപ്പ് പ്രോഗ്രാം - ഡോ. അഖിൽ സി.എം, ഡോ. സൂരജ് ആർ.എസ്. എന്നിവരെ പ്രോജക്റ്റ് ഫെല്ലോ ആയി നിയമിക്കുന്നത് സംബന്ധിച്ച്. (No. Acd.A2/4752/SSUS/2023)

കാലിക്കറ്റ് യൂണിവേഴ്സിറ്റി EMMRC യിൽ 2 മാസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ ഡോ. അഖിൽ സി.എം, ഡോ. സൂരജ് ആർ.എസ്. എന്നിവരെ സെന്റർ ഫോർ ഓൺലൈൻ ലേണിംഗിൽ 12.12.2023 മുതൽ പ്രതിമാസം 50,000/- രൂപ വേതനത്തിൽ പ്രോജക്റ്റ് ഫെല്ലോ ആയി നിയമിക്കാൻ തീരുമാനിച്ചു.

## Item No. 9

MOU with the University of Groningen, MOU with Gorgias Press LLC, New Jersey, Collaboration with Kanthari, Possibility of introducing the Dutch Language Course as part of the Cosmos Malabaricus എന്നിവ സംബന്ധിച്ച്.

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ അംഗീകരിക്കാനും തുടർ നടപടികൾ സ്വീകരിക്കാൻ ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 10

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ ഉർദു വിഭാഗം അദ്ധ്യാപകനായ ഡോ. കെ.സി അതാവുള്ളാ ഖാന് എതിരായുള്ള പരാതി - അന്വേഷണ സമിതി സമർപ്പിച്ച റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ച്.

ഡോ. കെ.സി അതാവുള്ളാഖാന് എതിരെയുള്ള രണ്ട് പരാതികളും മറ്റ് കുറ്റകരമായ വിഷയങ്ങൾ ഉണ്ടെങ്കിൽ അവയും ഒരുമിച്ചാക്കി പരിശോധിക്കാൻ നിലവിലെ കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. സമഗ്രമായ റിപ്പോർട്ട് ഡോ. കെ. സി അതാവുള്ളാഖാന് നൽകാനും അതിന്മേൽ വിശദീകരണം ലഭ്യമാക്കി ഉചിതമായ ശിക്ഷാവിധി നിശ്ചയിക്കുന്നതിന് അടുത്ത സിൻഡിക്കേറ്റിൽ സമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 11

കോട്ടക്കൽ ആര്യവൈദ്യശാലയുമായി ധാരണാപത്രം ഒപ്പുവച്ചതും കൈക്കുളങ്ങര രാമവാര്യർ സ്മരണാർത്ഥം സെമിനാർ സംഘടിപ്പിച്ചതും റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. [No. 02395/PUB1/SSUS/2023(1)]

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 12

MoU with University of Hyderabad :- redrafted MoU – submitted for perusal and approval . [No. 03247/ACDB1/SSUS/2023(1)]

It is resolved to approve the redrafted MoU with University of Hyderabad.

യോഗം 2.30 p.m ന് അവസാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**രജിസ്ട്രാർ ഇൻ ചാർജ്ജ്** **വൈസ് ചാൻസലർ**